"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് - "Kovalam Tourism Zone Waste Management Programme-Extension of the ongoing Project from June 2025 to May 2026 "- പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.365/2025/TSM തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. 30.05.2019 തീയതിയിലെ സ.ഉ (കൈ) നം: 03/2019/ടൂറിസം
2. 15.10.2024 തീയതിയിലെ സ.ഉ(സാധാ)നം. 570/2024/TSM
3. 11.12.2024 തീയതിയിലെ സ.ഉ(സാധാ) നം.702/2024/TSM
4. വിനോദസഞ്ചാരവകുപ്പ് ഡയറക്ടറുടെ 24-05-2025- ലെ DOT/1057/2025-P10 നമ്പർ കത്ത്.
5. 30-05-2025- ലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളം മാലിന്യ മുക്തമാക്കുന്നതിനായി വിഴിഞ്ഞം ഗ്രാമപഞ്ചായത്തുമായിച്ചേർന്ന് വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് 2005 മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് "കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി". മുഖേനെ നടപ്പിലാക്കിയിട്ടുണ്ട്. കോവളം മേഖലയിൽ മാലിന്യം കൂട്ടിയിടുന്നത് സംബന്ധിച്ച പരാതി ഒഴിവാക്കുന്നതിനായി പ്രസ്തുത പദ്ധതി 2024 ഒക്ടോബർ മുതൽ 2025 മെയ് വരെ തുടർന്നുകൊണ്ടു പോകാൻ എക്കോ പ്രിസർവ് എന്ന ഏജൻസിയ്ക്ക് പരാമർശം (3) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(2) 01-06-2025 മുതൽ 31-05-2026 വരെ കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം M/s എക്കോ പ്രിസർവ് എന്ന ഏജൻസി മുഖാന്തിരം നടപ്പിലാക്കുന്നതിന് 5452-01-101-99-00-34-03 അപ്ഗ്രഡേഷൻ ആന്റ് ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് അമിനിറ്റീസ് (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും 62,10,000/- (അറുപത്തി രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പദ്ധതി പ്രൊപ്പോസൽ പരാമർശം (4) പ്രകാരം വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

(3) ടി പദ്ധതി നടത്തിപ്പിന് വേണ്ടിയുള്ള വിനോദസഞ്ചാരവകുപ്പിന്റെ ഷെയർ, Recurring Expenditure എന്നിവ ചുവടെ ചേർക്കുന്നു

| (A) | (B) | (A+B) |
|---|---|---|

| Wage component | Recurring expenditure | The total expenditure for 12 month |
|---|---|---|
| 2,43,750X 12 months<br>= 29,25,000/- | 2,73,750X 12 months<br>= 32,85,000/- | 29,25,000/-<br>+ 32,85,000/-<br>= 62,10,000/- |
| Total Share (Wage components and recurring expenditure) Rs. 2,43,750/- +2,73,750 = 5,17,500/- X 12 months = 62,10,000/- | | Rs 62,10,000/- |

(4) 30-05-2025- തീയതിയിൽ ചേർന്ന വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും പദ്ധതി പ്രൊപ്പോസലിന് നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുകയും ചെയ്തു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "Kovalam Tourism Zone Waste Management Programme-Extension of the ongoing Project from June 2025 to May 2026"- എന്ന പദ്ധതിയ്ക്കായി 62,10,000/- (അറുപത്തി രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി "5452-01-101-99-00-34-03 അപ്ഗ്രഡേഷൻ ആന്റ് ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് അമിനിറ്റീസ് (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്ന് ചുവടെചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. The project will be entrusted to the existing Agency for one month.
ii. Thereafter e-tender with key performance objectives will be floated by the Director of Tourism
iii. Meeting with Kovalam Corporation authorities will be convened by the Director of Tourism.

(6) പ്രസ്തുത പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതും പദ്ധതിച്ചെലവ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടത്തിപ്പിനായി നിലവിലെ സർക്കാർ ഉത്തരവുകളുടെ നിബന്ധനകൾ നിർബന്ധമായും പാലിയ്ക്കേണ്ടതും പദ്ധതി ഇനങ്ങൾ നടപ്പാക്കിയ ശേഷമുള്ള വ്യക്തമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്,
പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( (എ & ഇ )), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് I &II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിനോദസഞ്ചാര(എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 25-06-2025 11:44:10

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.